**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 535** **05-10-2021 - ൽ മറുപടിയ്ക്ക്**

**കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് റബ്ബർ മൂല്യവർദ്ധന ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ച് വരുന്നു. ഉയർന്ന വളർച്ചാ നിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻ.ആർ) ഉയർന്ന ഉപഭോഗം, മികച്ച കയറ്റുമതി സാധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് തെരഞ്ഞെടുക്കുന്ന മൂല്യവർദ്ധിത റബ്ബർ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും വ്യവസായം ത്വരിതപ്പെടുത്തുകയുമാണ് കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനോദ്ദേശ്യം. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ ആരംഭിക്കുന്നത്. റബ്ബർ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി കമ്പനിയുടെ കീഴിൽ ലോകോത്തര നിലവാരത്തിലുള്ള നിർമ്മാണ സൗകര്യങ്ങൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത കമ്പനിയുടെ പ്രവർത്തനം ഇരിക്കൂർ നിയോജക മണ്ഡലത്തിൽ കൂടി വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | കേരള റബ്ബർ ലിമിറ്റഡ് എന്ന സ്ഥാപനം കേരളത്തിലാകെയുള്ള റബ്ബർ കർഷകർക്ക് വേണ്ടിയുള്ളതാണ്. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാകുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ ആരംഭിക്കുന്നത്. പ്രസ്തുത കമ്പനിയുടെ പ്രവർത്തനം റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾ കേരളത്തിലുടനീളം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി- യുള്ളതാണ്. |
| (സി) | ഈ മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | കേരള റബ്ബർ ലിമിറ്റഡ് എന്ന സ്ഥാപനം കേരളത്തിലാകെയുള്ള റബ്ബർ കർഷകർക്ക് വേണ്ടിയുള്ളതാണ്. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് |

| | | | |
|---|---|---|---|
| | | | മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ ആരംഭിക്കുന്നത്. പ്രസ്തുത കമ്പനിയുടെ പ്രവർത്തനം റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾ കേരളത്തിലുടനീളം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി- യുള്ളതാണ്. |

സെക്ഷൻ ഓഫീസർ